(ഇ) വിവിര സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതു സംബന്ധിച്ച ഓർഡറുകൾ വിദേശ കമ്പനികൾ തട്ടിയെടുക്കാതിരിക്കുന്നതിനും അത് പൂർണ്ണമായും സംസ്ഥാന വ്യവസായ മേഖലയ്ക്കുതന്നെ ലഭ്യമാവുമെന്ന് ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഇൻഫർമേഷൻ ടെക്നോളജി വ്യവസായങ്ങളിലേക്ക് വൻകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ കൂടുതലായി കടന്നുവരാൻ സഹായിക്കും. വ്യവസായ മേഖലയിൽ സാങ്കേതികവിദ്യ എളുപ്പമാകുന്നതുകൊണ്ട് ഉല്പാദനച്ചെലവു കുറയുകയും വ്യവസായങ്ങൾക്ക് കൂടുതൽ ലാഭത്തിൽ പ്രവർത്തിക്കുന്നതിനും കഴിയും. കൂടാതെ കയറ്റുമതി രംഗത്തും കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും.

(ബി) ബഡ്ജറ്റ് അടങ്കലിന്റെ മൂന്നു ശതമാനം വരെയാണ് ഇക്കൊല്ലം ഐ.റ്റി. നടപ്പിലാക്കാനായി സർക്കാർ നീക്കി വച്ചിട്ടുള്ളത്. ഇതിൽ നല്ലൊരു പങ്ക് കേരളത്തിലെ ഐ.റ്റി. വ്യവസായങ്ങൾക്കു ലഭിക്കുമെന്നു കരുതുന്നു.

(സി) സോഫ്റ്റ് വെയർ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാൻ ടെക്നോപാർക്കിൽ ആവശ്യാനുസരണമുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് പല ജില്ലകളിലും സോഫ്റ്റ്വെയർ ടെക്നോളജി പാർക്കുകൾ സ്ഥാപിച്ചുവരുന്നു. സർക്കാർ വകുപ്പുകളുടെ ഐ.റ്റി. ആക്ഷൻ പ്ളാൻ തയാറാക്കാൻ എൻ.ഐ.സി., ഐ.എം.ജി., കെൽട്രോൺ, എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി.ഇ., സി-ഡിറ്റ്, ഇ.ആർ& ഡി.സി. എന്നീ സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ടെക്നോപാർക്കിൽ അടുത്ത മൂന്നു വർഷത്തിനുള്ളിൽ നൂറോളം പുതിയ വ്യവസായങ്ങൾ സ്ഥാപിക്കാനും, ഇതുമൂലം അയ്യായിരത്തോളംപേർക്ക് തൊഴിൽ നൽകാനും സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

(ഇ) സർക്കാർ വകുപ്പുകളിൽ സോഫ്റ്റ്വെയർ ഉൾപ്പെടെയുള്ള ഉല്പന്നങ്ങൾ വാങ്ങുന്നത് അംഗീകൃത നടപടിക്രമങ്ങൾ അനുസരിച്ചാണ്. ഓർഡറുകൾ പൂർണ്ണമായും സംസ്ഥാന വ്യവസായ മേഖലയ്ക്ക് നൽകുക എന്നത് പ്രയോഗികമാവുകയില്ല.

13 (*133) വികസന അതോറിറ്റികൾ

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീ. എൻ. ആർ ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വികസന അതോറിറ്റികളുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർതലത്തിൽ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ വികസന അതോറിറ്റിയുടെയും പ്രവർത്തനം സംബന്ധിച്ച് സർക്കാരിന്റെ വിലയിരുത്തൽ എന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ പിന്നോക്ക ജില്ലകളായ കാസർഗോഡ്, ഇടുക്കി, പത്തനംതിട്ട, വയനാട് ജില്ലകളിൽ വികസന അതോറിറ്റി നിലവിലുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത വികസന അതോറിറ്റികളുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഇ) വികസന അതോറിറ്റികളുടെ പ്രവർത്തനം തിട്ടപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ ഉന്നതതലസമിതി രൂപീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ)&(ബി)ഉണ്ട്. വികസന അതോറിറ്റികളുടെ പ്രവർത്തനം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ടു നൽകാൻ നിയുക്തമായിരുന്ന ബാലചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെയും പഞ്ചായത്ത് നഗരപാലികാ നിയമങ്ങൾ അനുസരിച്ച് ആസൂത്രണവും വികസനവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനപരിധിയിൽ വരുന്നതിനാൽ വികസന അതോറിറ്റികൾ നിർത്തലാക്കണമെന്ന അധികാരവികേന്ദ്രീകരണ (സെൻ) കമ്മിറ്റിയുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ വികസന അതോറിറ്റികളുടെ പ്രവർത്തനങ്ങളെപ്പറ്റി പഠിച്ച് വീണ്ടുമൊരു റിപ്പോർട്ടുനൽകുന്നതിന് തദ്ദേശഭരണവകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. ജയിംസ് വർഗ്ഗീസിനെ നിയമിച്ചിരുന്നു. അദ്ദേഹത്തിന്റെ പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി)&(ഡി) കാസർഗോഡ്, ഇടുക്കി ജില്ലകളിൽ വികസന അതോറിറ്റി നിലവിലുണ്ട്. ഇവയുടെ പ്രവർത്തനം സാധാരണഗതിയിൽ നടന്നുവരുന്നു.

(ഇ) ഇത്തരം നിർദ്ദേശം പരിഗണനയിലില്ല.

14 (*134) ടെക്സ്റ്റയിൽ വ്യവസായം പുനരുദ്ധരിക്കുന്നതിന് നടപടികൾ

ശ്രീ. ജോസ് ബേബി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. പി. രാജു :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടെക്സ്റ്റയിൽ വ്യവസായം പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ടെക്സ്റ്റയിൽ വ്യവസായ പുനഃസംഘടനയ്ക്കായി സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ;

(സി) ഈ കമ്മിറ്റിയുടെ അംഗങ്ങൾ ആരെല്ലാമായിരുന്നു;

(ഡി) പ്രസ്തുത കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്;

(ഇ) ടെക്സ്റ്റയിൽ വ്യവസായത്തിന്റെ പുനഃസംഘടനയ്ക്കും പുനരുദ്ധാരണത്തിനുമായി കേന്ദ്രസർക്കാരിൽനിന്നും സഹായം ലഭിച്ചിട്ടുണ്ടോ;

(എഫ്) ഇതിനായി കേന്ദ്ര ഗവൺമെന്റ് മുമ്പാകെ സംസ്ഥാന സർക്കാർ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly